പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1420** **31.10.2019 ൽ മറുപടിയ്ക്ക്**

**ചെറുവള്ളി എസ്റ്റേറ്റ്**

| | ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് ഏത് തീയതിയിലെ, ഏത് ഉത്തരവ് പ്രകാരമാണ്; അറിയിക്കുമോ; | (എ) യും (ബി) യും<br>നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിനു വിൽപ്പന നടത്തിയ തോട്ടം ഭൂമിയാകുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരൻമാർക്കും കമ്പനികൾക്കും നൽകിയ ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്കൈമാറ്റം ചെയ്തതും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ ചെറുവള്ളി എസ്റ്റേറ്റ് അടക്കം ഹാരിസൺ കമ്പനിയുടെ കൈവശമുള്ളതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 38171 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. 11-4-2018 ലെ WP(C) 33122/2014 &Ors കേസുകളിലെ ബഹു. ഹൈക്കോടതിയുടെ വിധന്യായ പ്രകാരം സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയോഗിച്ച ഉദ്യോഗസ്ഥന് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ ജൂറിസ്ഡിക്ഷൻ ഇല്ലാ എന്ന് കാരണത്താലാണ് സ്പെഷ്യൽ ഓഫീസറുടെ |
| (ബി) | പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ചർച്ചുമായി ഏതെങ്കിലും തരത്തിലുള്ള തർക്കമോ, വ്യവഹാരമോ നിലനില്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| | | ഉത്തരവുകൾ ബഹു.ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളത്. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്നു സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചതിൻ പ്രകാരം കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചെറുവള്ളി എസ്റ്റേറ്റ് നിലവിൽ കൈവശം വച്ചിരിക്കുന്നത് ഗോസ്പൽ ഫോർ എഷ്യ എന്ന സ്ഥാപനമാണ്. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമ വിധിക്കു വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ബിലീവേഴ്സ് ചർച്ചിന് എത്ര വർഷത്തേയ്ക്കാണ് ഈ എസ്റ്റേറ്റ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും ഒരു വർഷത്തെ പാട്ടത്തുക എത്രയെന്നും ഇതുവരെ പാട്ടത്തുക ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) ബിലിവേഴ്സ് ചർച്ചിന് സർക്കാർ ഭൂമി പാട്ടത്തിനു നൽകിയിട്ടില്ല. ബിലീവേഴ്സ് ചർച്ച് 2005-ൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിൽ നിന്നും വാങ്ങിയ 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഭൂമി ഹാരിസൺ മലയാളത്തിന്റെ മുൻഗാമികളെന്ന് അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു.കെ) എന്ന ബ്രിട്ടീഷ് കമ്പനിയ്ക്ക് തിരുവിതാംകൂർ ഭരണാധികാരികളും തദ്ദേശിയരും ഗ്രാന്റായും പാട്ടമായും നൽകിയ ഭൂമിയിൽ ഉൾപ്പെട്ടതും പാട്ടവ്യവസ്ഥകൾ ലംഘിച്ച് ഹാരിസൺ മലയാളം കമ്പനി വിൽപ്പന നടത്തിയിട്ടുള്ളതുമാകുന്നു. |
| (ഡി) | ശബരിമല തീർത്ഥാടകർക്കായി ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടുന്ന സ്ഥലത്ത് വിമാനത്താവളം നിർമ്മിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; | (ഡി) യും & (ഇ) യും<br>ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ശബരിമല ഗ്രീൻ ഫീൽഡ് എയർപോർട്ട് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റ് നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവെച്ച് ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. തർക്ക ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സർക്കാരിനോട് സിവിൽകോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള |
| (ഇ) | സർക്കാർ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുവാൻ ആലോചിക്കുന്നതായ മാധ്യമ റിപ്പോർട്ടുകളിൽ വാസ്തവമുണ്ടോ;എങ്കിൽ അതിനുള്ള സാഹചര്യം എന്താണ്; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | പശ്ചാത്തലത്തിൽ ഉടമസ്ഥത സംബന്ധിച്ച് സിവിൽ കോടതിയിൽ സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിലെ അന്തിമ വിധിന്യായ പ്രകാരമേ ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ടി സാഹചര്യത്തിലാണ് ശബരിമല തീർത്ഥാടകർക്കും മറ്റുള്ളവർക്കും പ്രയോജനം ചെയ്യുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് അനുയോജ്യമെന്ന് കണ്ടെത്തിയ ഭൂമി നഷ്ടപരിഹാരം കോടതിയിൽ കെട്ടിവെച്ച് ഏറ്റെടുക്കുന്ന കാര്യംസർക്കാർ പരിഗണിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ